LIBRARY ARCHIVES Kerala Legislative Assembly

## തെരഞ്ഞെടുപ്പ് പെരുമാറ്റചട്ട ലംഘനം നടത്തിയ ഉദ്യോഗസ്ഥർ

80 (4697) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക് സഭ തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിനു ശേഷം പെരുമാറ്റചട്ടം നിലനിൽക്കെ ഇടുക്കി ഉപവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽനിന്നും സ്ഥലമാറ്റ ഉത്തരവുകൾ പുറത്തിറങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര സ്ഥലമാറ്റ ഉത്തരവുകൾ തെരഞ്ഞെടുപ്പ് വിജ്ഞാപനം നിലനിൽക്കെ പുറത്തിറക്കിയിട്ടുണ്ട് ;

(ബി) തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം നിലനിൽക്കെ ഇപ്രകാരം സ്ഥലമാറ്റ ഉത്തരവുകൾ പുറത്തിറക്കാൻ ഇടയാക്കിയ അടിയന്തിര സാഹചര്യം വിശദമാക്കുമോ;

(സി) തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ട ലംഘനം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദീകരണം നൽകാമോ;

(ഡി) തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലനിൽക്കെ ഈ ഓഫിസിൽ നിന്നും പുറത്തിറങ്ങിയിട്ടുള്ള സ്ഥലംമാറ്റ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) 15-3-2014-ലെ അസാധാരണ ഗസറ്റ് വിജ്ഞാപനം അനുസരിച്ച് ലോകസഭ തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിനുശേഷം പെരുമാറ്റ ചട്ടം നിലവിൽ വന്ന 15-3-2014 മുതൽ അവസാനിച്ച 28-5-2014 വരെയുള്ള കാലയളവിൽ സ്ഥലംമാറ്റം നൽകിക്കൊണ്ട് ഉത്തരവുകൾ ഒന്നും ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽനിന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

## പൊതുവിദ്യാഭ്യാസ രംഗത്ത് ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ വിപുലമാക്കൽ

81 (4699) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ രംഗത്തെ ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങളുടെ വിപുലീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി അനുസരിച്ച് ഏതെല്ലാം മേഖലകളിലാണ് പ്രവർത്തനങ്ങൾ വിപുലീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

(സി) പ്രസ്തുക പദ്ധതിയുടെ നടത്തിപ്പുമായി ആരെല്ലാമാണ് സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം അടിസ്ഥാന വിദ്യാഭ്യാസ സൗകര്യങ്ങളാണ് വിദ്യാലയങ്ങളിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ രംഗത്ത് ഐടി അധിഷ്ഠിത പ്രവർത്തനങ്ങളുടെ വിപുലീകരണത്തിന് പദ്ധതി തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) പ്രസ്തുത പദ്ധതി അനുസരിച്ച് വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു;

1. ഡിസ്റ്റന്റ് ഇ-ലേണിംഗ് - 14 റിസോഴ്സ് കേന്ദ്രങ്ങൾ മുഖേന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മന്ത്രിസഭയുടെ മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലാ റിസോഴ്സ് കേന്ദ്രങ്ങൾ മുഖേന വെർച്വൽ കണക്ട് രീതിയിൽ ഇന്ററാക്ടീവ് ഡിസ്റ്റന്റ് ഇ-ലേണിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. വിദഗ്ധരായ അദ്ധ്യാപകരുടെ സേവനം സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കാൻ സാധിക്കും എന്നതാണ് ഇതിന്റെ പ്രത്യേകത. ഒരു കേന്ദ്രത്തിൽ അദ്ധ്യാപകന് ക്ലാസ് റൂമിൽ എന്ന പോലെ അദ്ധ്യാപനം നടത്തുവാനും വിദ്യാർത്ഥികളുടെ സംശയങ്ങൾ തത്സമയം ദൂരീകരിക്കാനും കഴിയും.

2. ടാബ്‌ലറ്റ് ലൈബ്രറി പദ്ധതി സർക്കാർ സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്ക് ലൈബ്രറി സിസ്റ്റം രീതിയിൽ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നു.

3. ആധുനിക സൗകര്യങ്ങളോടുകൂടി സ്മാർട്ട് ക്ലാസ് റൂം, ഡിജിറ്റൽ ക്ലാസ്റൂം എന്നിവ സർക്കാർ സ്കൂളുകളിൽ അടുത്ത അദ്ധ്യായന വർഷം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഐടി@സ്കൂളും കൈറ്റ്സുമായി സഹകരിച്ചാണ് വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു നടത്തുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) 1. ഡിസ്റ്റന്റ് ഇ-ലേഡിംഗ് സെന്റർ - 14 ജില്ലാ കേന്ദ്രങ്ങളിൽ നിന്നും 30 അദ്ധ്യാപകർക്കും കേന്ദ്ര സ്റ്റുഡിയോയിലെ വിദഗ്ധരായ അദ്ധ്യാപകരുമായിട്ട് സംവദിക്കുന്നതിന് ആവശ്യമായ വീഡിയോ കോൺഫറൻസ് സംവിധാനം ഏർപ്പെടുത്തും.

2. ടാബ്‌ലറ്റ് ലൈബ്രറി-പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ മാത്രം ഏർപ്പെടുത്തും.

3. ലാപ്ടോപ്പ്, കമ്പ്യൂട്ടർ, അൾട്രാ ഷോർട്ട് ത്രോ പ്രൊജക്ടറുകളും ആധുനിക രീതിയിലുള്ള സൗണ്ട് സിസ്റ്റവും ഇന്ററാക്ടീവ് വൈറ്റ് ബോർഡ്, വൈഫൈ സൗകര്യവുമുള്ള അധുനിക ക്ലാസ് മുറിയും വിദ്യാലയങ്ങളിൽ ഏർപ്പെടുത്തുന്നതാണ്.

**പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സംസ്ഥാന - കേന്ദ്രാവിഷ്കൃത പദ്ധതികൾ**

82 (4700) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2010-11, 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ വിവിധ സംസ്ഥാനാവിഷ്കൃത, കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി നീക്കിവച്ച തുകയും ആയതിൽ ചെലവഴിച്ച തുകയും പദ്ധതി തിരിച്ച് വെളിപ്പെടുത്താമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

**ഭിന്നശേഷിക്കാരായ കുട്ടികൾ**

83 (4701) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ഡോ. കെ. ടി. ജലീൽ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസത്തിന് സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly